# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **09.06.2014- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 112**

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി

**ചോദ്യം**

**ശ്രീ. കെ. മുരളീധരൻ :**
**ശ്രീ. ആർ. സെൽവരാജ് :**
**ശ്രീ. എം. എ. വാഹീദ് :**
**ശ്രീ. പാലോട് രവി :**

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ (റയിൽവേ ഒഴികെയുള്ള) 90% ഏറ്റെടുത്തു. പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി.
- പാരിസ്ഥിതികാനുമതിയ്ക്കായുള്ള പഠനങ്ങളും നടപടി ക്രമങ്ങളും പൂർത്തിയാക്കി പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി ലഭ്യമാക്കി.
- പദ്ധതിയുടെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കുകയും പദ്ധതി നിർവ്വഹണത്തിനു വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.
- തുറമുഖത്തിന് ആവശ്യമായ ജലം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കി. അതിൽ നിന്നും തദ്ദേശവാസികൾക്കു കുടിവെള്ളം വിതരണം ചെയ്യുന്ന സാമൂഹിക പ്രതിബദ്ധത പദ്ധതിയും പൂർത്തിയാക്കി.
- പദ്ധതിയ്ക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു.
- റെയിൽ കണക്ടിവിറ്റിക്കുള്ള സർവ്വേ പൂർത്തിയാക്കി കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര റയിൽവേയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു.
- പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും Viability Gap Funding (VGF) ലഭ്യമാക്കുന്നതിനുള്ള

നടപടി ക്രമങ്ങൾ പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചു.

- പദ്ധതി നിർമ്മാണത്തിനും നടത്തിപ്പിനു മുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്ന തിനുള്ള ആഗോള ടെണ്ടർ നടപടികൾ പാരിസ്ഥിതികാനുമതി ലഭിച്ച ഉടൻ ആരംഭിച്ചു. ആഗസ്റ്റ് മാസത്തോടുകൂടി സ്വകാര്യ പങ്കാളിയെ കണ്ടെത്തി ഡിസംബർ മാസത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു.
- പദ്ധതിക്ക് Cabotage നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2014 ജനുവരി 3 ലെ F.No.11-122/2011-IA.III കത്ത് പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖത്തിന് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ; | (സി) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും നടത്തിപ്പിനും വേണ്ടിയുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ 2014 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ച് നടപടി ക്രമങ്ങൾ തുടങ്ങി. പദ്ധതിക്ക് Viability Gap Funding (VGF) ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരി ച്ചാണ് ടെണ്ടർ നടപടി ക്രമങ്ങൾ കൈക്കൊ ണ്ടിട്ടുള്ളത്. ഇതിന്റെ ആദ്യപടിയായി അപേക്ഷകരുടെ യോഗ്യതാ നിർണ്ണയം പൂർത്തിയാക്കി ചുരുക്കപ്പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിന്നും Price Bid സ്വീകരിച്ച് സ്വകാര്യ പങ്കാളിയെ നിർണ്ണയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു. പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണലിൽ കേസുകൾ നിലവിലുള്ളതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പൂർത്തിയാക്കാനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. |
| (ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. 2014 ഡിസംബറിൽ ആദ്യ ഘട്ട നിർമ്മാണം തുടങ്ങാനാണ് ലക്ഷ്യമിടുന്നത് |

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

(ഇ) പാരിസ്ഥിതികാനുമതിയുമായി ബന്ധപ്പെട്ട് ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഡൽഹി പ്രിൻസിപ്പൽ ബെഞ്ചിലും, ചെന്നൈ ബെഞ്ചിലും നിലവിലുള്ള നാലോളം കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ ശ്രമിക്കുന്നതോടൊപ്പം ടെണ്ടർ നടപടി ക്രമങ്ങൾ ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പൂർത്തിയാക്കി ഡിസംബറിൽ ആദ്യഘട്ടം നിർമ്മാണം തുടങ്ങുവാനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**